# കേരള നിയമസഭ
## 05.02.2014–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ഫെബ്രുവരി 5, ബുധന്‍
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍– 30)

മറുപടി നല്‍കുന്ന മന്ത്രിമാര്‍

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

<u>കിസാന്‍ കാര്‍ഡുകളുടെ വിതരണം</u>

*421

ശ്രീ. വര്‍ക്കല കഹാര്‍
,, സണ്ണി ജോസഫ്
,, റ്റി. എന്‍. പ്രതാപന്‍
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കിസാന്‍ കാര്‍ഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കിസാന്‍ കാര്‍ഡ് കൊണ്ടുള്ള പ്രയോജനങ്ങള്‍ എന്തെല്ലാം; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഈ കാര്‍ഡില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്?

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ കാര്‍ഡുകള്‍ വഴി കര്‍ഷകര്‍ക്ക് ലഭ്യമാകുന്നത്;

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>അടയ്ക്കാ നിരോധനം</u>

*422 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ. കെ. ലതിക
,, കെ. എസ്. സലീഖ
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടയ്ക്കാ നിരോധനം സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുള്ളതായ അറിയിപ്പ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) അടയ്ക്കാനിരോധനം മൂലം സംസ്ഥാനത്തെ അടയ്ക്കാ കർഷകർക്കുണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി എന്തെങ്കിലും തരത്തിലുള്ള ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അടയ്ക്കാ കർഷകർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തുന്നതിന് നടപടി</u>

*423 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ആർ. രാജേഷ്
,, ബി. ഡി. ദേവസ്സി
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതുവരെ സ്വീകരിച്ച നടപടികളിലെ വീഴ്ചകളും പോരായ്മകളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള സോഷ്യൽ ഓഡിറ്റിനെ ശക്തിപ്പെടുത്താൻ തയ്യാറാകുമോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗത്തെ പ്രതിരോധിക്കുന്നതിന്</u>
<u>പാരമ്പര്യ ചികിത്സാ രീതികൾ</u>

*424 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി.എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗത്തെ പ്രതിരോധിക്കുന്നതിനായി പാരമ്പര്യ ചികിത്സാരീതികൾ പ്രോത്സാഹിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രീതിയിലുള്ള പാരമ്പര്യ ചികിത്സാരീതികൾ നിലവിലുണ്ട്; അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്**

*425 ശ്രീ. എം. വി. ശ്രേയാംസ്കുമാർ
ഡോ.എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുവോ; ഇതുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഏജൻസി നൽകിയ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് അനുഗുണമായ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം</u>

*426 ശ്രീ. എം. എ. ബേബി
,, ജി. സുധാകരൻ
,, കെ. കെ. ജയചന്ദ്രൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പദ്ധതി വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക യഥാസമയം ലഭ്യമാക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്നതും അതുമൂലമുള്ള പ്രശ്നങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന പദ്ധതിവിഹിതത്തിൽനിന്നുള്ള തുക സാമ്പത്തിക വർഷത്തിന്റെ നിശ്ചയിക്കപ്പെട്ട പാദങ്ങളിൽതന്നെ പൂർണ്ണമായും നൽകാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ് ; അനുവദിച്ചതിന്റെ കൂടുതൽ ഭാഗവും വർഷാവസാനമായിരുന്നുവോ ; ഈ രീതി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന പദ്ധതിവിഹിതത്തിന്റെ 25% തുകയും തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായോ ; ഓരോ വർഷത്തെയും പദ്ധതിവിഹിതത്തിന്റെ 25% തുക എത്രയാണെന്നും, അതിൽ നൽകിയതെത്രയാണെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം</u>

*427 ശ്രീ. പി. എ. മാധവൻ
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി നിയമ നിർമ്മാണം നടത്തുമോ; വിശദമാക്കുമോ;

(ഡി) ആയതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

ഇന്ദിര ആവാസ് യോജന

*428 ശ്രീ. ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ദിര ആവാസ് യോജന പദ്ധതി നടപ്പാക്കിത്തുടങ്ങിയത് എന്നു മുതലാണ്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് നൽകിവരുന്ന തുക വർദ്ധിപ്പിച്ചുവോ; വർദ്ധനക്കനുസൃതമായി ത്രിതല പഞ്ചായത്തുകൾക്ക് ഫണ്ട് ലഭ്യമാക്കിയിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) വർദ്ധനക്കനുസൃതമായി യഥാസമയം ഫണ്ട് അനുവദിക്കാത്തതു മൂലം പദ്ധതി നടത്തിപ്പ് അവതാളത്തിലായ കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ഡി) യഥാസമയം നിശ്ചിത ഗഡുക്കൾ ലഭിക്കാത്തതുമൂലം വീട് നിർമ്മാണം പാതി വഴിയിലായ ഗുണഭോക്താക്കളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കാർഷിക വ്യാപന പ്രക്രിയയിൽ വിദ്യാർത്ഥികളുടെ പങ്ക്</u>

*429 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. കെ. ബഷീർ
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വ്യാപന പ്രക്രിയയിൽ വിദ്യാർത്ഥികളെക്കൂടി പങ്കാളികളാക്കുന്നതിന് കൃഷി വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കാർഷികവൃത്തിയുടെ മാന്യതയേയും സമൂഹത്തിന്റെ ഭക്ഷ്യ, ആരോഗ്യ, സഹകരണ മേഖലകളിൽ കൃഷിക്കുള്ള പങ്കിനേയും കുറിച്ച് പുതുതലമുറയിൽ അവബോധം വളർത്താൻ കൃഷിവകുപ്പ് നടത്തുന്ന പരിപാടികളെന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് എന്തെങ്കിലും ഉത്തരവാദിത്വം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>അംഗൻവാടികളുടെ പ്രവർത്തനം</u>

*430 ശ്രീ. സി. മോയിൻകുട്ടി
'' പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) അംഗൻവാടിയിലെ കുട്ടികൾക്ക് നല്കുന്ന ഭക്ഷണം ഗുണമേന്മയുള്ളതാണെന്നും, ശുചിത്വത്തോടെയാണ് പാകപ്പെടുത്തുന്നതെന്നും ഉറപ്പുവരുത്താനുള്ള പരിശോധനാ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) അംഗൻവാടി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 05.02.2014–ലെ മറുപടിക്ക്

'ശ്രുതി തരംഗം' പദ്ധതി

*431 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ് കുമാർ
ഡോ. കെ. ടി. ജലീൽ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന 'ശ്രുതി തരംഗം' പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) കോക്ലിയർ ഇംപ്ലാന്റ് വാങ്ങിയതിനെ സംബന്ധിച്ച് ഉയർന്നിട്ടുളള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരം കോക്ലിയർ ഇംപ്ലാന്റ് വാങ്ങിയത് ഏതെല്ലാം കമ്പനികളിൽ നിന്നാണെന്നും സ്റ്റോർ പർച്ചേഴ്സ് മാന്വൽ പ്രകാരമാണോ ഇവ വാങ്ങിയതെന്നും അറിയിക്കാമോ; അല്ലെങ്കിൽ അതിനുളള കാരണം വ്യക്തമാക്കാമോ;

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ആഡംബര വിവാഹങ്ങൾ നിയന്ത്രിക്കുന്നതിനും
ശൈശവ വിവാഹങ്ങൾ കണ്ടെത്തുന്നതിനും നടപടി</u>

*T.432 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഡംബര വിവാഹങ്ങളും വിവാഹധൂർത്തും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോപ്പുലേഷൻ സ്റ്റഡീസും കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയവും ചേർന്ന് നടത്തിയ സർവ്വേയിൽ ശൈശവ വിവാഹങ്ങൾ കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർവ്വേയിൽ സംസ്ഥാനത്തെ സംബന്ധിച്ചുള്ള മറ്റ് വിവരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ശൈശവ വിവാഹം കൂടുതൽ നടക്കുന്നത് ഏത് ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്
<u>പച്ചത്തേങ്ങ സംഭരണം</u>

*433 ശ്രീ. കെ. മുരളീധരൻ
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങസംഭരണത്തിനു തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പച്ചത്തേങ്ങ സംഭരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>നോർക്ക റൂട്ട്സിന്റെ പദ്ധതികളിലും സേവനങ്ങളിലുമുള്ള കാലതാമസം</u>

*434

ശ്രീ. റ്റി. വി. രാജേഷ്
,, കെ. വി. അബ്ദുൾ ഖാദർ
ഡോ. കെ. ടി. ജലീൽ
ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സിന്റെ പദ്ധതികളും സേവനങ്ങളും വിദേശരാജ്യങ്ങളിൽ നിന്നു തിരിച്ചെത്തിയവർക്ക് യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസം, തൊഴിൽ കണ്ടെത്തൽ തുടങ്ങിയ കാര്യങ്ങളിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിൽ ജാഗ്രത കാണിക്കാമോ; വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പദ്ധതിവഴിയുള്ള സഹായത്തിനും പ്രവർത്തനങ്ങൾക്കുമായി എത്ര അപേക്ഷകൾ ഇപ്പോൾ നോർക്ക റൂട്ട്സിൽ തീർപ്പാകാതെയുണ്ടെന്ന കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ

## 05.02.2014-ലെ മറുപടിക്ക്

ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി

*435 ശ്രീ. എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വികസനമേഖലയിൽ സ്വകാര്യ പങ്കാളിത്തം</u>

*436 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസന മേഖലയിൽ സ്വകാര്യപങ്കാളിത്തം ഉറപ്പാക്കാൻ ആസൂത്രണ ബോർഡ് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി പി.പി.പി. ആക്റ്റിന് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>തരിശ് രഹിത കേരളം പദ്ധതി</u>

*T.437 ശ്രീ. ഇ. കെ. വിജയൻ
'' സി. ദിവാകരൻ
'' ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗശൂന്യമായി കിടക്കുന്ന തരിശു ഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത ഭൂമി കൃഷി യോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ കൃഷി ചെയ്യാൻ കഴിഞ്ഞ തരിശ് ഭൂമി യുടെ അളവെത്ര; വ്യക്തമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികളുടെ കൈവശം തരിശു ഭൂമിയുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) തരിശ് രഹിത കേരളം പദ്ധതിയിലൂടെ ആവിഷ്ക്കരിച്ച് നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാം; പ്രസ്തുത പദ്ധതി വിജയം കണ്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>മരണ രജിസ്ട്രേഷൻ</u>

*438 ശ്രീ. ലൂഡി ലൂയിസ്
,, എം.എ. വാഹീദ്
,, സണ്ണി ജോസഫ്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മരണരജിസ്ട്രേഷൻ സ്വന്തം നാട്ടിൽ നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മരണ രജിസ്ട്രേഷൻ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളെ സ്ത്രീ - ശിശു സൗഹൃദമാക്കാൻ പദ്ധതി</u>

*439

ശ്രീ. സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളെ സ്ത്രീ - ശിശു സൗഹൃദമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഫാം സ്കൂൾ പദ്ധതി</u>

*440 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് ഫാം സ്കൂൾ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിപ്രകാരം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ</u>

*441 ശ്രീ. ഇ. പി. ജയരാജൻ
'' എളമരം കരീം
'' കെ. വി. അബ്ദുൾ ഖാദർ
'' പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾ സംസ്ഥാനത്തിന്റെ പുരോഗതിയിൽ വഹിക്കുന്ന പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രവാസികൾ ഇപ്പോൾ നേരിടുന്ന വിമാന യാത്ര സൗകര്യങ്ങളുടെ അപര്യാപ്തത, നിർബന്ധിത തിരിച്ചുവരവ്, പുനരധിവാസം തുടങ്ങിയ പ്രശ്നങ്ങളിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ നോർക്ക തയ്യാറാകുമോ; വ്യക്തമാക്കാമോ;

(സി) വിദേശങ്ങളിലെ ഇന്ത്യൻ എംബസികൾക്ക് പ്രവാസികളുടെ പ്രശ്നങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് നോർക്ക പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത കാര്യത്തിൽ കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ആജീവിക സ്കിൽഡ് പദ്ധതി

*442 ശ്രീ. എം.എ. വാഹീദ്
,, വി.റ്റി. ബൽറാം
,, പി.എ. മാധവൻ
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആജീവിക സ്കിൽഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഗ്രാമീണ മേഖലയിലെ നിർധനരായ ചെറുപ്പക്കാർക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനത്തിലൂടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

വൃദ്ധജനങ്ങളുടെ സംരക്ഷണം

*443 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ പദ്ധതിയനുസരിച്ച് വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായുള്ള പരിപാടികളിൽ വീഴ്ച വന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വൃദ്ധജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ;

(ഡി) വൃദ്ധജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലെ സേവനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ;

(ഇ) നിരാലംബരായ വൃദ്ധജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി ആരോഗ്യസുരക്ഷാപദ്ധതികൾ ആവിഷ്ക്കരിക്കുമോ; എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014–ലെ മറുപടിക്ക്

'ആശ്വാസകിരണം' പദ്ധതി – ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

*444

ശ്രീ. എളമരം കരീം
,, സി. കൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കി വരുന്ന 'ആശ്വാസകിരണം' പദ്ധതി പ്രകാരമുള്ള ധന സഹായ വിതരണത്തിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതുമൂലം നിരാലംബരായ വയോജനങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്നതായ സ്ഥിതി വിശേഷം സംജാതമായിട്ടുള്ളതായി അറിയാമോ; പുതിയ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ;

(സി) വയോമിത്രം കോ–ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇവരുടെ പ്രവർത്തനങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ</u>

*445 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. ഡി. സതീശൻ
'' വർക്കല കഹാർ
'' കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആർക്കെല്ലാമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നത് മൂലം എന്തെല്ലാം സൗകര്യങ്ങളാണ് ഇവർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഐ. സി. ഡി. എസ് ന്റെ വികസനം</u>

*446 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. സി. ഡി. എസ് (ICDS)-ന്റെ മൂന്നാംഘട്ട വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രോജക്ടുകളിൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയവയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പ്രോജക്ടുകളിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്കു പകരം പ്രോജക്ട് മാനേജർ/സീനിയർ സൂപ്രണ്ട് തസ്തിക അനുവദിച്ച് പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കര്‍ഷക രജിസ്ട്രേഷന്‍</u>

*447

ശ്രീ. രാജു എബ്രഹാം
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കര്‍ഷകരുടെ രജിസ്ട്രേഷന്‍ പൂര്‍ത്തിയായിട്ടുണ്ടോ; വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ;

(ബി) രജിസ്ട്രേഷന്‍ നടത്തിയ കര്‍ഷകര്‍ നേരിടുന്ന ഏതെങ്കിലും പ്രശ്നത്തില്‍, എന്തെങ്കിലും പുതിയ ആശ്വാസം നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇപ്പോഴും രജിസ്ട്രേഷന്‍ നടത്താന്‍ സാധിച്ചിട്ടില്ലാത്തവര്‍ക്ക് ഒരു അവസരം കൂടി നല്‍കാന്‍ ഉദ്ദേശമുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

വയോമിത്രം പദ്ധതി

*448 ശ്രീ. പി. കെ. ഗുരുദാസൻ
'' പി. റ്റി. എ. റഹീം
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഴി നടപ്പിലാക്കുമോ; വിശദാംശം നൽകുമോ;

(ബി) വയോമിത്രം പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികളും ബജറ്റ് വിഹിതവും സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 05.02.2014–ലെ മറുപടിക്ക്

<u>നിരോധിത കളനാശിനികളുടെ വിൽപന തടയാൻ നടപടി</u>

*449 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, പുരുഷൻ കടലുണ്ടി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന കളനാശിനികളുടെ പരിശോധന നടത്തുന്നത് ഏത് ഏജൻസിയാണ്; വിൽപന നടത്തുന്നതിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള കളനാശിനികൾ ഏതെല്ലാമാണ്;

(ബി) സംസ്ഥാനത്ത് നിരോധിത കളനാശിനികളുടെ വിൽപന വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി</u>

*450 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിലവിലെ കർഷകർക്ക് ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) പുതുതലമുറയെ ഹൈടെക് കൃഷി നടത്തുന്നതിന് പ്രോത്സാഹിപ്പിക്കാനും ട്രെയിനിംഗ് നൽകാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 27.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.
[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.